# ദൈവീക സമാധാനം

## ഫിലിപ്പിയർ 4:7

**"എന്നാൽ സകലബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിൽ കാക്കും"**

പ്രതിസന്ധികൾ നിറഞ്ഞ സമാധാനമില്ലാത്ത കാലഘട്ടത്തിലൂടെ കടന്നു പോകുന്ന ഒരു ദൈവപൈതലിന് ദൈവവചനം തരുന്ന സന്തോഷവും ആശ്വാസവുമാണ് മേൽവായിച്ച വാക്യം.

എപ്പോഴാണ് ഈ സമാധാനം നമുക്ക് അനുഭവിക്കാൻ കഴിയുക എന്ന് വചനം വ്യക്തമായി നമ്മോട് പറയുന്നു. പ്രയാസങ്ങളുടെ മദ്ധ്യത്തിൽ സന്തോഷത്തോടെയും, സ്തോത്രത്തോടെയും, ആകുലപ്പെടാതെ പ്രാർത്ഥനയിലും, അപേക്ഷയിലും നമ്മുടെ ആവശ്യങ്ങളെ ദൈവസന്നിധിയിൽ സമർപ്പിക്കുമ്പോൾ മാത്രമാണ് ഈ ദൈവീകസമാധാനം നമുക്ക് അനുഭവവേദ്യമാകുന്നത്. ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല എന്നും, സകലത്തിന്റെയും നിയന്ത്രിതാവ് എന്നും സൃഷ്ടാവാം ദൈവം തന്നെയാണെന്നും, ഈ ദൈവം നമ്മുടെ പിതാവായി അനുദിനം നമ്മെ വഴിനടത്തും എന്നും, ഒരു ദൈവപൈതൽ ഹൃദയത്തിൽ വിശ്വാസത്തോടെ ഉറയ്ക്കണം. എന്നാൽ പലപ്പോഴും പ്രശ്നങ്ങളുടെ മദ്ധ്യത്തിൽ ഇത് സാധിക്കാതെ വരുന്നു. അപ്പോൾ സാത്താൻ പലവിധ ചിന്തകളാൽ നമ്മുടെ സമാധാനം ഇല്ലാതാക്കി, സ്വസ്ഥത നശിപ്പിച്ച്, ദൈവത്തിൽ നിന്ന് അകറ്റാൻ ശ്രമിക്കും. വിശ്വാസം തന്നെ നഷ്ടപ്പെട്ടു എന്ന് വരാം. അതുകൊണ്ട് ശത്രുവിന് കീഴ്പ്പെടാതിരിക്കാൻ നമ്മുടെ മനസ്സ് ദൈവത്തിൽ തന്നെ ഉറച്ചിരിക്കണം. എന്ത് സംഭവിച്ചാലും ദൈവത്തോട് ചേർന്ന് നിൽക്കുമ്പോൾ ദൈവം അത് നന്മയ്ക്കായി മാറ്റും എന്നതാണ് സത്യം.

പൊട്ടക്കിണറ്റിൽ തള്ളപ്പെട്ട ജോസഫിന്റെ ജീവിതത്തിന്റെ ഗതി മാറ്റിയ അതേ ദൈവം തന്നെയാണ് ഇന്നും നമ്മുടെ ദൈവം. കഷ്ടങ്ങളിലും, നഷ്ടങ്ങളിലും ഈ ദൈവകരം കാണാൻ നമുക്ക് കഴിയണം. ദൈവത്തെ കൂടാതെയുള്ള ഒരു ജീവിതം എന്നും അസമാധാനം നിറഞ്ഞതാണെന്ന് നാം അറിയണം. ലോകത്തിന്ന് തരാൻ കഴിയാത്ത സമാധാനം ദൈവത്തിന്നു മാത്രമേ നൽകാൻ കഴിയൂ എന്നു വിശ്വസിക്കണം. പ്രതിസന്ധികൾ നിലനിൽക്കുമ്പോൾ തന്നെ, അതിലൂടെ കടന്നു പോകാനുള്ള കൃപയും, ശക്തിയും തരുവാൻ ദൈവത്തിന്നു മാത്രമേ കഴിയൂ. തളർത്തുന്ന സാഹചര്യങ്ങളിൽ ബലം പകരാൻ ദൈവവചനത്തിന്നു മാത്രമേ സാദ്ധ്യമാകൂ. അതുകൊണ്ട് ഏതു സാഹചര്യത്തിന്റെ മദ്ധ്യേയും സമാധാനത്തിന്റെ ഉടയവനായ ദൈവത്തോട് ചേർന്ന് നിൽക്കുക. അവൻ നമ്മെ

പാതിവഴിയിൽ ഉപേക്ഷിക്കുന്ന ദൈവമല്ല. എന്നും വിശ്വസ്ഥനായി കൂടെയിരുന്ന് നമ്മെ നടത്താൻ മതിയായവനാണ്. എന്നും ഈ ദൈവത്തോട് പറ്റിച്ചേർന്ന് ജീവിക്കാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം:

**സങ്കീർത്തനം 4:8**

ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവേ എന്നെ നിർഭയം വസിക്കുമാറാക്കുന്നത്.

## സിസ്റ്റർ നീനു ബിനു ബേബി ആലപ്പുഴ 082